പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4694 — 26/06/2019- ൽ മറുപടിയ്ക്ക്

## വിഷരഹിത പച്ചക്കറി

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ മാർക്കറ്റുകളിൽ വിഷരഹിത പച്ചക്കറികൾ ആണ് എത്തുന്നത് എന്ന് ഉറപ്പവരുത്താൻ എന്തൊക്കെ നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് വിൽക്കുന്ന പഴം, പച്ചക്കറികൾ വിഷരഹിതമാണെന്ന് ഉറപ്പ വരുത്തുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ് വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോട്ടുകൂടി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോ ഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരളാ സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരളാ കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. റിപ്പോർട്ടുകളിൽ നിന്നും അനുവദനീയമായ അളവിലും (MRL) കൂടുതൽ കീടനാശിനി അവശിഷ്ടം ഉല്പന്നങ്ങളിൽ അടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നു. ഇതുപൊതുജനങ്ങളിലും കർഷകരിലും ബോധവൽക്കരണത്തിന് സഹായിക്കും. |
| (ബി) ഇതരസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികൾ വിഷ വിമുക്തമാണെന്ന് ഉറപ്പ വരുത്തുന്നതിന് എന്തെല്ലാം പരിശോധനകൾ ആണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾക്ക് പ്രത്യേക പരിശോധനകളൊന്നും നിലവിൽ നടത്തുന്നില്ല. എന്നാൽ വിപണിയിൽ ലഭ്യമായ പച്ചക്കറികളിൽ നിന്ന് FSSAI സുരക്ഷ മാനദണ്ഡങ്ങൾക്കനുസരിച്ച് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്യുന്നു. പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രൊസിക്യൂഷൻ അടക്കമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

Sunilalkim

സെക്ഷൻ ഓഫീസർ